**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4113** **03-03-2023 - ൽ മറുപടിയ്ക്ക്**

**അങ്കണവാടി കലോത്സവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അങ്കണവാടി കലോത്സവം നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച നിലവിലെ മാർഗ്ഗരേഖയിൽ (സ.ഉ(കൈ) നം. 115/2022/തസ്വഭവ ഖണ്ഡിക.7.5.1 തീയതി. 28/05/2022) ഗ്രാമപഞ്ചായത്തുകൾ അങ്ക ണവാടി കുട്ടികളുടെ കായിക കലാ മത്സരങ്ങൾ ഓരോ വർഷവും നടത്തേണ്ടതാണെന്നും, കുട്ടികളുടെ ശാരീരിക മാനസികോല്ലാസത്തിന് സഹായകമായതും അവർക്ക് പങ്കെടുക്കാൻ കഴിയുന്നതുമായ ഇനങ്ങൾ ഉൾപ്പെടുത്തി ഏക ദിന മത്സരങ്ങൾ നടത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. |
| (ബി) | ഈ കലോത്സവം നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് തുക ചെലവഴിക്കുന്നതിനുള്ള പരിധി എത്രയാണ്; | (ബി) | റിഫ്രഷ്മെന്റ്, ഭക്ഷണം, സമ്മാനങ്ങൾ, പ്രോത്സാഹന സമ്മാനങ്ങൾ മറ്റ് ചെലവുകൾ ഉൾപ്പെടെ 15,000/- രൂപ വരെ പരമാവധി ചെലവഴിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പരിധി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ